# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 243** — **20/12/2012 ൽ മറുപടിക്ക്**

## സ്മാർട്ട് ക്ലാസ് റൂം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.സെൽവരാജ്:<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. എം.പി വിൻസെന്റ്:<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) | ക്ലാസ് മുറികളിലെ പഠന ബോധന പ്രവർത്തനങ്ങൾ ആയാസരഹിതവും ഫലപ്രദവുമാക്കുന്നതിന് ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. |
| ബി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | സ്മാർട്ട് ക്ലാസ് റൂം പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| സി) | സംസ്ഥാനത്ത് ഏതെല്ലാം തരം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | സി) | സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും ഘട്ടംഘട്ടമായി സ്മാർട്ട് ക്ലാസ് മുറികളാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാൻ സർക്കാരിന് ഉദ്ദേശമുണ്ട്. |
| ഡി) | ഏതെല്ലാം ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ബോധനരീതിയാണ് പ്രസ്തുത പദ്ധതി വഴി ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ; | ഡി) | പഠന-ബോധന പ്രവർത്തനങ്ങൾ ലളിതവും ഫലപ്രദവുമാക്കുന്നതിന് സഹായകമായ എല്ലാ ഉപകരണങ്ങളും ഉപയോഗിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആധുനിക വിവര വിനിമയ സങ്കേതങ്ങൾക്ക് സഹായകമായ കമ്പ്യൂട്ടർ/ലാപ്ടോപ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് തുടങ്ങിയവ ആദ്യഘട്ടമായി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ